പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 21

# 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 21

# 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

744/2011.

# 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

ലോക് ആയുക്തയുടെ സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള ലോക് ആയുക്തയുടെകീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ ഇനിപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്നു പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.—

(എ) 'ലോക് ആയുക്ത' എന്നാൽ 1999-ലെ കേരള ലോക് ആയുക്ത ആക്റ്റിലെ (1999-ലെ 8) 3-ാം വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള ലോക് ആയുക്ത എന്നർത്ഥമാകുന്നതും പ്രസ്തുത വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള ഉപലോക് ആയുക്ത ഉൾപ്പെടുന്നതുമാകുന്നു ;

(ബി) 'പബ്ലിക് സർവ്വീസ് കമ്മീഷൻ' എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു.

3. ലോക് ആയുക്തയുടെകീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച് 1999-ലെ കേരള ലോക് ആയുക്ത ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും,

നേരിട്ടുള്ള നിയമനംവഴി, നിയമിക്കുന്നതിനുവേണ്ടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) ലോക് ആയുക്ത പബ്ലിക് സർവ്വീസ് കമ്മീഷനുമായി ,—

(എ) ലോക് ആയുക്തയുടെകീഴിലുള്ള സർവ്വീസുകളിലേക്കും തസ്തികകളിലേക്കും നേരിട്ടുള്ള നിയമനം സംബന്ധിച്ച കാര്യങ്ങളിലും ;

(ബി) ലോക് ആയുക്തയിലെ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും നേരിട്ടുള്ള നിയമനംവഴി നിയമിക്കുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും,

കൂടിയാലോചിക്കേണ്ടതും, അപ്രകാരം റഫർ ചെയ്യുന്ന ഏതൊരു കാര്യത്തിന്മേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതുമാണ് :

എന്നാൽ സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും ലോക് ആയുക്തയും തമ്മിൽ (1)-ാം ഉപവകുപ്പും (2)-ാം ഉപവകുപ്പും പ്രകാരമുള്ള ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുള്ളപക്ഷം ലോക് ആയുക്ത ആ സംഗതി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനമെടുക്കുന്നതിനു മുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും ലോക് ആയുക്തയുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് ലോക് ആയുക്ത അനുവർത്തിക്കേണ്ട നടപടിക്രമം ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും സംഗതി,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക്

വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ലോക് ആയുക്തയിലെ ജീവനക്കാരുടെ നേരിട്ടുള്ള നിയമനംവഴിയുള്ള എല്ലാ തസ്തികകളിലെ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചു. ലോക് ആയുക്തയിലെ സർവ്വീസ്, സംസ്ഥാനത്തെ പബ്ലിക് സർവ്വീസുകളുടെ ഭാഗമാകുന്നതല്ല. ആയതിനാൽ, ഭാരതത്തിന്റെ ഭരണഘടനയിലെ 321-ാം അനുച്ഛേദപ്രകാരം, ഉചിതമായ നിയമ നിർമ്മാണത്തിലൂടെ ലോക് ആയുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ലോക് ആയുക്തയുടെ സർവ്വീസിലുള്ള തസ്തികകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ലോക് ആയുക്തയിലെ ആഫീസർമാരുടെയും ജീവനക്കാരുടെയും നിയമനവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച കരട് ചട്ടങ്ങളിൻമേൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന സാധ്യമാവുകയുള്ളൂ. ആയതിനാൽ, പ്രസ്തുത ഉദ്ദേശ്യങ്ങൾക്കായി ഒരു പ്രത്യേക നിയമ നിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിലെ ക്ലിപ്ത നിബന്ധന, സാമാന്യമായതോ ഏതെങ്കിലും പ്രത്യേക വിഷയത്തിലോ പ്രത്യേക വിഭാഗം വിഷയങ്ങളിലോ പ്രത്യേക സാഹചര്യത്തിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ നിർദ്ദേശിച്ചുകൊണ്ട്, ചട്ടങ്ങളുണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം, ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനുമായും ലോക് ആയുക്തയുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ഏതു സംഗതികളെ സംബന്ധിച്ചാണ് ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

**ഉമ്മൻ ചാണ്ടി**